പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1959

4.10.2011-ലെ മറുപടിയ്ക്ക്

**ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമ പഞ്ചായത്തിൽ കിൻഫ്രക്ക് വേണ്ടി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. | (എ) പരവൂർ-ചിറക്കര വില്ലേജിൽ ഉൾപ്പെട്ട 95.47 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത ഭൂമിയിൽ വെറ്റ്ലാൻറ് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എത്ര ഏക്കറാണെന്ന് വ്യക്തമാക്കുമോ; | ബി) പ്രസ്തുത ഭൂമിയിൽ 48.39ഏക്കർ ഭൂമി റവന്യൂ റിക്കാർഡ് പ്രകാരം നിലമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ വർഷങ്ങളായി ഈ ഭൂമിയിൽ നെൽകൃഷി ചെയ്ത് വരുന്നില്ല. |
| സി) വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ആ പ്രദേശത്ത് ഭൂമി നഷ്ടപ്പെടുന്ന കർഷകരെ ഈ വിവരം ബോദ്ധ്യപ്പെടുത്തേണ്ടതിലേക്ക് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | സി)ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ചുറ്റും അതിർത്തി കല്ലുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന വിവരം അതിലുൾപ്പെട്ട സ്ഥലം ഉടമകൾക്ക് അറിവുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളെപ്പറ്റി പ്രാരംഭ ഘട്ടത്തിൽ തന്നെ സ്ഥലം എം.എൽ.എ യുമായി ചർച്ച നടത്തിയിട്ടുണ്ടായിരുന്നു. |
| ഡി) വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി വിട്ടുനൽകുമ്പോൾ ഭൂമിയുടെ വില നിശ്ചയിച്ചു നൽകുന്നത് എന്ത് മാനദണ്ഡത്തിൻെറ അടിസ്ഥാന ത്തിലാണെന്ന് വ്യക്തമാക്കുമോ; | ഡി) & ഇ) ലാൻറ് അക്വിസിഷൻ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ജില്ലാകളക്ടറും ലാൻറ് അക്വിസിഷൻ ഓഫീസറും വില നിശ്ചയിക്കുന്നത്. |
| ഇ) കർഷകർ ഭൂമി വിട്ടുനൽകുവാൻ തയ്യാറായാൽ കമ്പോള വില നൽകി ഭൂമി ഏറ്റെടുക്കുവാൻ സന്നദ്ധമാകുമോ? | |

സെക്ഷൻ ഓഫീസർ